# കേരളസർവകലാശാല

നം.പി.ആർ.156/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2022 – 23 ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി നീട്ടി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2022–23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) 2022 ആഗസ്റ്റ് 10 വരെ നീട്ടിയിരിക്കുന്നു.

കേരളസർവകലാശാലയുടെ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2022 – 23 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടലിൽ ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റിൽ MTTM കോഴ്സും കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2022 – 23 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ. ട്രെയിനിംഗ് കോളേജുകളിലേയും ഒന്നാം വർഷ ബി.എഡ്. പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക് (admissions.keralauniversity.ac.in)വെബ്സൈറ്റ് സന്ദർശിക്കുക.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജനുവരി മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ, 2021 നവംബർ മാസത്തിൽ നടത്തിയ നാല്, ആറ്, എട്ട്, പത്ത് സെമസ്റ്റർ 5 വർഷ എം.ബി.എ (ഇന്റഗ്രേറ്റഡ് ) റെഗുലർ ആൻഡ് സപ്ലിമെൻററി – 2015 സ്കീം പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

### സ്പെഷ്യൽ പരീക്ഷ

കോവിഡ് 19 പശ്ചാത്തലത്തിൽ ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ/ ബി.കോം/ ബി.ബി.എ എൽ.എൽ.ബി ഡിസംബർ 2021 പരീക്ഷ എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ എഴുതാവുന്നതാണ്. സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാം (കോഴ്സ്) കോഡ് എന്നിവ അടങ്ങിയ അപേക്ഷ ആരോഗ്യ വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം 2022 ഓഗസ്റ്റ് 3ന് മുൻപായി അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് സമർപ്പിക്കേണ്ടതാണ്. ഈ പരീക്ഷയ്ക്ക് സബ്സെന്ററുകൾ ഉണ്ടായിരിക്കുന്നതല്ല.

## <u>ടൈംടേബിൾ</u>

കേരളസർവകലാശാല 2022 ജൂലൈ 29 ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിങ് ടെക്നോളജി (ബി.എച്ച്.എം/ ബി.എച്ച്.എം.സി.റ്റി) (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻസ്, സപ്ലിമെന്ററി 2014-2017 അഡ്മിഷൻ, 2011 സ്കീം - 2011 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ കംബൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് ഡിഗ്രി (സപ്ലിമെന്ററി 2008 സ്കീം, മേഴ്സി ചാൻസ്, പാർക്ക് ടൈം കാൻഡിഡേറ്റ്സ് ) ജൂൺ 2022 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റ് 10ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ, ബി.എസ്സി , ബി.കോം ഡിഗ്രി (റെഗുലർ 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2019 അഡ്മിഷൻ, സപ്ലിമെന്ററി 2018, 2017, 2016 അഡ്മിഷൻസ്, മേഴ്സി 2015, 2014, 2013 അഡ്മിഷൻസ് ) പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റ് 10ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ ഓണേഴസ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (റെഗുലർ 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2019 അഡ്മിഷൻ, സപ്ലിമെന്ററി 2018, 2017, അഡ്മിഷൻസ്, മേഴ്സി 2016, 2015, 2014, 2013 അഡ്മിഷൻസ്) പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ആഗസ്റ്റ് മാസം നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി ഡിഗ്രി പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്

കേരളസർവകലാശാല 2022 ആഗസ്റ്റ് 10 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്സി., ബി.കോം, ബി.ബി.എ, ബി.സി.എ, ബി.എം.എസ്,. ബി.എസ്.ഡബ്ല്യൂ, ബി.വോക് എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (റെഗുലർ 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2019 അഡ്മിഷൻ & സപ്ലിമെന്ററി 2016-2018 അഡ്മിഷൻ, മെഴ്സി ചാൻസ് 2013-2015 അഡ്മിഷൻസ്) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പ്രാക്ടിക്കൽ</u>

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ വീണ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2022 ആഗസ്റ്റ് 2 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## <u>പ്രോജക്ട് സമർപ്പണം</u>

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ല്യൂ/ എം.എം.സി.ജെ/ എം.എ എച്ച്.ആർ.എം ജൂൺ 2022 പരീക്ഷകളുടെ (റെഗുലർ/ സപ്ലിമെന്ററി) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പ്രോജക്ട് സമർപ്പിക്കാനുള്ള അവസാന തീയതി 2022 ഓഗസ്റ്റ് 25. വിശദവിവരം വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

കേരളസർവകലാശാല നടത്തിയ രണ്ടാം സെമസ്റ്റർ എം.കോം/എം.എസ്.സി ബോട്ടണി (റെഗുലർ/ സപ്ലിമെന്ററി/മേഴ്സി ചാൻസ്) നവംബർ 2021 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2022 ഓഗസ്റ്റ് 2 വിശദവിവരം വെബ്സൈറ്റിൽ.

തിരുവനന്തപുരം,
23.07.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**